**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ബഡ്ജറ്റ് പദ്ധതി 2019-20 - മലപ്പുറം ജില്ലയിലെ ചാലിയാർ പുഴക്ക് കുറുകെ അരീക്കോട് - ഊർങ്ങാട്ടിരി പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന കേബിൾ സ്റ്റേയ്ഡ് നടപ്പാലം - ഭരണാനുമതി പുതുക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി.)വകുപ്പ്**

സ.ഉ.(സാധാ) നം.1230/2023/LSGD തീയതി,തിരുവനന്തപുരം, 14-06-2023

---

പരാമർശം:- 1) 05.07.2020-ലെ സ.ഉ.(സാധാ.)നം.4067/2020/ധന.

2) 11.01.2021-ലെ (സാധാ)നം.69/2021/ത.സ്വ.ഭ.വ

3) തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 04.04.2023-ലെ E23511/LSGD/2016/2023-DB3-നമ്പർ കത്ത്

**ഉത്തരവ്**

2008-ലെ തോണി അപകടത്തിൽ 7 കുട്ടികൾ മരണപ്പെട്ടതിനെ തുടർന്ന് അടിയന്തിരമായി നിർമ്മിക്കപ്പെട്ട മലപ്പുറം ജില്ലയിലെ ചാലിയാർ പുഴക്ക് കുറുകെ അരീക്കോട് - ഊർങ്ങാട്ടിരി പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന കേബിൾ സ്റ്റേയ്ഡ് നടപ്പാലം 2018 ഓഗസ്റ്റ് മാസത്തിലുണ്ടായ മഹാപ്രളയത്തിൽ ഒലിച്ചുപോവുകയുണ്ടായി എന്നും ആയതിനാൽ ബഹു .എം.എൽ.യുടെ അഭ്യർത്ഥയുടെ അടിസ്ഥാനത്തിൽ 2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി 3 കോടി രൂപയുടെ (മൂന്നു കോടി രൂപ മാത്രം) ഭരണാനുമതിയും തുടർന്ന് സാങ്കേതികാനുമതിയും ലഭിച്ചിരുന്നു എന്നും ആയതിന്റെ ടെൻഡർ നടപടികളുമായി മുന്നോട്ട് പോകവെ 2018 D.S.R.-പ്രാബല്യത്തിൽ വന്നതിനാൽ പ്രസ്തുത നിരക്കിൽ എസ്റ്റിമേറ്റ് പുതുക്കേണ്ടി വരികയും, തദനുസൃതമായി G.S.T.-നിരക്കിൽ ഉണ്ടായ വർദ്ധനവ് കൂടി ഉൾപ്പെടുത്തേണ്ടതായും വന്നതിനാൽ ഭരണാനുമതി ലഭിച്ച 3 കോടി രൂപയിൽ (മൂന്നു കോടി രൂപ മാത്രം)നിന്നും 3.75 കോടി രൂപ (മൂന്നു കോടി എഴുപത്തഞ്ച് ലക്ഷം രൂപ മാത്രം) ആയി എന്നും ആയതിനാൽ 3.75 കോടി രൂപയുടെ (മൂന്നു കോടി എഴുപത്തഞ്ച് ലക്ഷം രൂപ മാത്രം) പുതുക്കിയ ഭരണാനുമതി നൽകണമെന്നും പരാമർശം (3) പ്രകാരം, തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. 2019-20 സാമ്പത്തിക വർഷത്തിലെ സംസ്ഥാന ബഡ്ജറ്റിൽ Work Appendix-II-Vol-II-ൽ (ഭരണാനുമതി ഇല്ലാത്ത മരാമത്ത് പ്രവൃത്തികൾ) ക്രമനം.1549 ആയി ഉൾപ്പെടുത്തപ്പെടുകയും തുടർന്ന് പരാമർശം (1) &(2) പ്രകാരം, 3 കോടി രൂപയ്ക്ക് (മൂന്നു കോടി രൂപ മാത്രം) ഭരണാനുമതി ലഭിക്കുകയും ചെയ്ത ഏറനാട് നിയോജക മണ്ഡലത്തിലെ അരീക്കോട് ബ്ലോക്ക് പഞ്ചായത്തിന് കീഴിലെ "ചാലിയാറിന് കുറുകെ അരീക്കോട് ഊർങ്ങാട്ടിരി പഞ്ചായത്തുകളെ ബന്ധിപ്പിച്ച് മൂർക്കനാട് നടപ്പാലം" എന്ന പ്രവൃത്തിക്ക്, D.S.R. 2018 പ്രാബല്യത്തിൽ വന്നതിനാൽ പ്രസ്തുത നിരക്കിൽ എസ്റ്റിമേറ്റ് പുതുക്കേണ്ടി

വരികയും, തദനുസൃതമായി G.S.T. നിരക്കിൽ ഉണ്ടായ വർദ്ധനവ് കൂടി ഉൾപ്പെടുത്തേണ്ടി വരികയും ചെയ്തതിനാൽ 3.75 കോടി രൂപയുടെ (മൂന്നു കോടി എഴുപത്തഞ്ച് ലക്ഷം രൂപ മാത്രം) പുതുക്കിയ ഭരണാനുമതി നൽകിയും മേൽ പ്രവൃത്തിക്ക് ആവശ്യമായ ഫണ്ട് '4515-00-800-92-(NP) '-എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതിന് അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനിൽ കുമാർ ജി

അഡിഷണൽ സെക്രട്ടറി

ശ്രീ.പി.കെ.ബഷീർ, എം.എൽ.എ.ഏറനാട്, മലപ്പുറം (ആമുഖ കത്ത് സഹിതം)
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, ജില്ലാ പഞ്ചായത്ത്, മലപ്പുറം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ / ഓഡിറ്റ്) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്. (E:2430368/DEV-3/88/2023/FIN dated 12.06.2023)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിംഗ്, ഐ&പി.ആർ.ഡി
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
Reenamma P A
സെക്ഷൻ ഓഫീസർ
Date: 14-06-2023 16:55:28